**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശ്ശൂർ ജില്ല - പ്രളയം 2019 – തകർന്ന വീടിന്റെ നാശനഷ്ടത്തിനുള്ള തുകയും സ്ഥലം വാങ്ങുന്നതിനുള്ള തുകയും തൃശ്ശൂർ ജില്ലയിലെ ശ്രീ. മനോജിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം.153/2022 /റവ.** **തിരുവനന്തപുരം, തീയതി, 10.01.2022**

==========================================================================

പരാമർശം:- 1. 11.11.2021 തീയതിയിലെ സ.ഉ. (സാധാ) നം. 741/2021/ദു.നി.വ.
2. 23.08.2019 തീയതിയിലെ സ.ഉ. (കൈ) നം. 25/2019/ദു.നി.വ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലയിലെ ശ്രീ. മനോജിന് 2019 ലെ കാലവർഷക്കെടുതിയിൽ പുറമ്പോക്ക് ഭൂമിയിലെ വീട് പൂർണ്ണമായി തകർന്നതിനുള്ള നഷ്ടപരിഹാരമായി 4 ലക്ഷം രൂപയും (സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതം 95,100/- രൂപ + മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നുള്ള വിഹിതം 3,04,900/- രൂപ) സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിൽ ആവശ്യപ്പെട്ടതനുസരിച്ച് പരാമർശം (2) ലെ വ്യവസ്ഥകൾക്ക് വിധേയമായി വീടിന്റെ നാശനഷ്ടത്തിനുള്ള തുകയായ 4 ലക്ഷം രൂപയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നുള്ള വിഹിതമായ 3,04,900/- രൂപയും സ്ഥലം വാങ്ങുന്നതിനുള്ള തുകയായ 6 ലക്ഷം രൂപയും ചേർത്ത് ആകെ **9,04,900/- രൂപ (ഒൻപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം)** തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ കൊറ്റനെല്ലൂർ വില്ലേജിൽ പുതുശ്ശേരി വീട്ടിൽ ശ്രീ. മനോജിന് വിതരണം ചെയ്യുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന **9,04,900/- രൂപ (ഒൻപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീല.എം**
**ഡെപ്യൂട്ടി സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Bindumol.K.N

സെക്ഷൻ ഓഫീസർ